ബിഷപ്പ് ഡാക്ടർ കുര്യാളശ്ശേരി അവർകളുടെ മൃതശരീരാവശിഷ്ടങ്ങൾ

കർക്കടകം 9—ാംതീയതി ചങ്ങനാശ്ശേരി പള്ളിയിൽ സംസ്ക്കരിക്കുന്നു.

ഡാക്ടർ കാള്ളാശ്ശേരി അവർകളുടെ സർക്കുലർ.

ദൈവകൃപയാലും പരിശുദ്ധ സി. ഹാസനത്തിന്റെ മനോഗുണത്താലും
ചങ്ങനാശ്ശേരി രൂപതയുടെ
മെത്രാനായ നാം
(മുദ)

കാളാശ്ശേരിൽ ജെയിംസ് മെത്രാൻ

നമ്മുടെ രൂപതയിൽ ഉൾപ്പെട്ട ബ. വൈദികർക്കും, സന്യാസന്യസ്തകർക്കും, വിശ്വാസികൾ ഏവർക്കും നമ്മുടെ കർത്താവീശോമിശിഹായിൽ സമാധാനവും വാഴ്വും.

വന്ദ്യസഹോദരരേ, വാത്സല്യമക്കളേ!

നൂറ്റാണ്ടത്തെ ഇൻഡ്യൻ തീർത്ഥകസംഘവുമൊന്നിച്ചു യൂറോപ്പ് യാത്ര കഴിച്ചശേഷം നാം സുഖം തിരിച്ചെത്തിയിരിക്കുന്ന വിവരം നിങ്ങളെ അറിയിക്കുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. നമ്മുടെ യാത്ര മംഗളകരമായവിധം പര്യവസാനിക്കുന്നതിനിടയാക്കിയ സർവ്വാനുഗ്രഹങ്ങളുടെയും പിതാവായ ദൈവത്തിനു നാം ആദ്യമായി കൃതജ്ഞതാപൂർവ്വം സ്തോത്രം ചെയ്കയും, നാം യാത്രയിലായിരുന്ന കാലത്തു നമുക്കുവേണ്ടി പ്രത്യേകം പ്രാർത്ഥനകൾ സമർപ്പിച്ച നിങ്ങൾ ഓരോരുത്തർക്കും ഹൃദയപൂർവ്വം നന്ദിപറയുകയും ചെയ്യുന്നു. നമ്മുടെ അസാന്നിദ്ധ്യത്തിൽ നമ്മുടെ പേർക്കു രൂപതാരേണ സ്വീകരിക്കാംവിധം നിർവഹിച്ച നമ്മുടെ വികാരിജനറാൽ മോൺസിഞ്ഞോർ ജയിക്കബ് കല്ലറയ്ക്കൽ അവർകളോടും നാം പ്രത്യേകം കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

നമ്മുടെ യാത്രയുടെ ഒരു മുഴുങ്ങിയ വിവരണം അറിയുന്നതിനു നിങ്ങൾക്കു് ആഗ്രഹമുണ്ടായിരിക്കുമല്ലൊ. നാം ഏപ്രിൽമാസം 11-ാംനു- ബോംബെയിൽനിന്നു പുറപ്പെട്ട 25 നു- ലൂർദ്ദിലെത്തി. 30-നു-വരെ നാം അവിടെ താമസിച്ചു മനുഷ്യരക്ഷയുടെ 19-ാം ശതാബ്ദിജൂബിലി വത്സരപര്യവസാനം സംബന്ധിച്ച് അവിടെ നടന്ന അദ്ഭുതപൂർവവും ഭക്തിസംവർദ്ധകവുമായ ത്രിദിനോത്സവങ്ങളിൽ ആദ്യന്തം പങ്കുകൊണ്ടു. ത്രിദിനത്തിന്റെ അവസാനദിവസമായ പുണ്യാഹദിവസം സുപ്രസിദ്ധമായ അത്ഭുത ഗ്രോട്ടോയിൽ കേരളത്തിലെ സഭയുടെ പ്രതിനിധിയെന്ന നിലയിൽ നാം ദിവ്യപൂജ അർപ്പിച്ചു ലോകസമാധാനത്തിനുവേണ്ടിയും ഇൻഡ്യയ്ക്കുവേണ്ടിയും പ്രാർത്ഥിക്കയുണ്ടായി. അനന്തരം നാം ലൂർദ്ദിൽനിന്നു പാരീസിലേക്കു പോകുകയും അവിടെവച്ചു ലിസ്യു മുതലായ സ്ഥലങ്ങൾ സന്ദർശിക്കുകയും, ലിസ്യുവിൽ വി. കൊച്ചുത്രേസ്യായുടെ കോവിടങ്ങത്തിൽ മേയ് 5-ാംനു- ദിവ്യബലി അർപ്പിച്ചു നിങ്ങൾക്കെല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

ലിസ്യുവിൽനിന്നു പുറപ്പെട്ട ട്രെയിൻ പാരീസിലെത്തി ചക്രവർത്തി തിരുമനസ്സിലെ രജതജൂബിലിയാഘോഷങ്ങളിൽ നാം സംബന്ധിച്ച അവിടെനിന്നു ബൽജിയത്തിലേക്കാണു നാം പോയതു്. ഉത്തമകൃത്തായിരിക്കുന്ന ബൽജിയംരാജാവിനെയും രാജ്ഞിയേയും കണ്ടു് അഭിമുഖസംഭാഷണം ചെയ്യുന്നതിനുള്ള ഭാഗ്യവും നമുക്കു ലഭിച്ചു. ബൽജിയത്തിൽനിന്നിറങ്ങിയിരിച്ചു സ്വിറ്റ്സർലണ്ടു ഇറാലിയിലെ പല പട്ടണങ്ങളും സന്ദർശിച്ചശേഷം മേയ് 18-ാം തീയതി നാം റോമായിലെത്തി. ഇംഗ്ലണ്ടിലെ രക്തസാക്ഷികളായ വി. ജോൺ ഫിഷർ, തോമ്മസ്മൂർ എന്നിവരെ പുണ്യവാന്മാരെന്നു ശ്രീ. പത്രോസ് തിരുമനസ്സുകൊണ്ടു് ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തതു സംബന്ധിച്ചു മേയ് 19-ാംതീയതി വി. പത്രോസിന്റെ ബസലിക്കായിൽ നടന്ന അത്യാഡംബരപൂർണ്ണമായ കർമ്മങ്ങളിൽ ഭാഗഭാക്കാകുവാൻ നമുക്കു ഭാഗ്യം സിദ്ധിച്ചു.

മേയ് 22-ാംതീയതി ബുധനാഴ്ച ഉച്ചയ്ക്കു മുമ്പു 11 1/2 മണിക്കു പരിശുദ്ധപിതാവിനെ സന്ദർശിക്കുന്നതിനു നമുക്കു് അവസരം ലഭിച്ചു. തിരുമനസ്സുകൊണ്ടു വാത്സല്യപുരസ്സരം നമ്മെ സ്വീകരിക്കുകയും, നമ്മുടെ രൂപതയേപ്പറ്റി പലതും കൽപ്പിച്ചു ചോദിക്കുകയും, രൂപതയിലുള്ള ഇടവകകളേയും, സന്യാസാശ്രമങ്ങളെയും, സ്ഥാപനങ്ങളെയും, കുടുംബങ്ങളെയും എന്നല്ല, നിങ്ങൾ ഓരോരുത്തരെയും പ്രത്യേകം ആശീർവദിക്കുകയും നിങ്ങളുടെ പരിശ്രമങ്ങൾക്കു വിജയം ആശംസിക്കയും ചെയ്യുവെന്നു പ്രസ്താവാർഹമാണു്.

റോമിൽനിന്നു ജൂൺമാസാരംഭത്തിൽ നാം പലസ്തീനായിലേക്കു പുറപ്പെട്ടു. അവിടെ കർമ്മലമല, നസറേത്തു, ഗലീലാക്കടൽ, താബോർമല, ഗദസമനിൻതോട്ടം, ഗോഗുൽത്താമല, ഒലിവറുമല, ബേദലഹേം മുതലായ തീർത്ഥസ്ഥങ്ങൾ സന്ദർശിക്കുകയും ഓരോ സ്ഥലത്തും നിങ്ങൾക്കെല്ലാവർക്കും വേണ്ടി അപേക്ഷിക്കുകയും ചെയ്തു. പലസ്തീനായിൽനിന്നു സൂയെസ്കനാൽ വഴി ബോംബെയിലെത്തുകയും, അവിടെനിന്നു തിരുഹൃദയത്തിന്റെ തിരുനാളായ ജൂൺ 28-ാംതീയതി വെള്ളിയാഴ്ച ഇവിടെ വന്നുചേരുകയും ചെയ്തു.

വന്ദ്യസഹോദരരെ! സ്നേഹിക്കപ്പെട്ട മക്കളെ!

നമ്മുടെ യാത്രയുടെ പ്രധാനോദ്ദേശങ്ങളിൽ ഒന്നു 1925 ജൂൺമാസം രണ്ടാംതീയതി റോമിൽവച്ചു നിര്യാതനായ നമ്മുടെ വന്ദ്യപുരോഗാമി കുര്യാളശ്ശേരിൽ മാർ തോമ്മാമെത്രാൻ തിരുമനസ്സിലെ അവശിഷ്ടങ്ങൾ അവിടെനിന്നും ഇങ്ങോട്ടു കൊണ്ടുവരണമെന്നതായിരുന്നു. ഇതിനു് അനേകം പ്രതിബന്ധങ്ങളും പ്രയാസങ്ങളും ഉണ്ടായിരുന്നെങ്കിലും ഈശോയുടെ തിരുഹൃദയത്തിന്റെ പ്രത്യേകാനുഗ്രഹംകൊണ്ടും ശ്രീ. മാർപ്പാപ്പാ തിരുമനസ്സിലെ ആൻകൂല്യം മൂലവും, നമ്മുടെ ഉദ്ദേശം സാധിച്ചുവെന്നു നിങ്ങളെ അറിയിക്കുവാൻ നമുക്കു് അതീവമായ സന്തോഷമുണ്ടു്. ജൂൺ 21-ാംതീയതി വി. ലൂയിസ് പുണ്യവാന്റെ തിരുനാളിൽ, മുമ്പു് ഇന്ത്യയുടെ ദലാഗാദിപ്പോപ്പായിരുന്ന മോൺസിഞ്ഞോർ പിസനി തിരുമനസ്സിലെ സന്നിദ്ധ്യത്തിൽ, മെത്രാനച്ചൻ തിരുമനസ്സിലെ കവാടിംഗുറക്കുകയും പൂജ്യാവശിഷ്ടങ്ങൾ പെട്ടിയോടുകൂടി എടുത്തു നേപ്പിൾസിൽനിന്നു കപ്പൽ കയറി കൊളമ്പിലേക്കയയ്ക്കുകയും ചെയ്തു. കൊളമ്പിൽനിന്നു കർമ്മലമാതാവിന്റെ തിരുനാളായ ഇന്നു് ഉച്ചയോടുകൂടി പ്രസ്തുതാവശിഷ്ടങ്ങൾ കൊച്ചിയിൽ വന്നുചേർന്നിരിക്കുന്നു. അവിടെനിന്നു് അതു് അടുത്ത ദിവസംതന്നെ അനാഡംബരമായി ചമ്പക്കുളം പള്ളിയിൽ കൊണ്ടുവന്ന രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും. അതിനുശേഷം ജൂലായ് 25-ാംതീയതി അവശിഷ്ടങ്ങൾ നമ്മുടെ കത്തീഡ്റൽപള്ളിയുടെ മദ്ബഹായിൽ അടക്കം ചെയ്യുന്നതിനു ചമ്പക്കുളത്തുനിന്നു ചങ്ങനാശ്ശേരിയിലേക്കു് ആഘോഷപൂർവം കൊണ്ടുവരണമെന്നാണു നാം തീരുമാനിച്ചിരിക്കുന്നതു്. ഈ ഘോഷയാത്രയിൽ നമ്മുടെ രൂപതയുടെഎല്ലാ പട്ടക്കാരും പള്ളിക്കാരും സംബന്ധിക്കണമെന്നു നാം ആഗ്രഹിക്കുന്നു. സൗകര്യമുള്ള പള്ളികളിൽനിന്നു പള്ളിസാധനങ്ങളും കൊണ്ടുവരേണ്ടതാണു്. കുട്ടനാടൻ പ്രദേശങ്ങളിലുള്ള പള്ളിക്കാർ അവശിഷ്ടത്തെ അനുയാത്ര ചെയ്യുന്നതിനായിജൂലായ്25-ാംതീയതി കാലത്തു 8 മണിക്കുപള്ളികളോടുകൂടി ദർശനസഹിതം ചമ്പക്കുളത്തു വരേണ്ടതും മറ്റു പള്ളിക്കാർ അവശിഷ്ടങ്ങളെ എതിരേൽക്കുന്നതിനു് ഉച്ചയ്ക്കു (പന്ത്രണ്ടരമണിക്കു) ചങ്ങനാശ്ശേരി ചന്തക്കടവിൽ തയ്യാറായി നിൽക്കേണ്ടതുമാണു്.

കൂടാതെ, കാലംചെയ്ത മെത്രാനച്ചൻ തിരുമനസ്സിലെ ആത്മാനുകൂല്യാർത്ഥം ബഹുമാനപ്പെട്ട പട്ടക്കാർ എല്ലാവരും ഈ ആഴ്ചയിൽ സൗകര്യമുള്ള ഏതെങ്കിലും ഒരു ദിവസം ദിവ്യപൂജ അർപ്പിക്കണമെന്നും, വിശ്വാസികൾ ഏവരും കുമ്പസാരിച്ചു വിശുദ്ധകുർബാന ഉൾക്കൊണ്ടു കാഴ്ചവയ്ക്കണമെന്നും നാം ഉപദേശിക്കുന്നതോടുകൂടി നമ്മുടെ യാത്ര ശുഭകരവും വിജയപ്രദവുമാകിത്തീർത്ത ദൈവത്തിനു വീണ്ടും വീണ്ടും സ്തോത്രം ചെയ്തുകൊണ്ടു ബാവയുടെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെല്ലാവരേയും ഹൃദയപൂർവം നാം ആശീർവദിക്കുകയും ചെയ്യുന്നു.

എന്നു്

ചങ്ങനാശ്ശേരി അരമനയിൽനിന്നു
1935 ജൂലായി 16-ാംതീയതി
ജയിംസ് കാളാശ്ശേരി
ചങ്ങനാശ്ശേരിരൂപതയുടെ മെത്രാൻ.

കുറിപ്പ്—ഈ നമ്മുടെ കല്പന അടുത്ത ഞായറാഴ്ച കുർബാനസമയത്തു ഏവൻഗേലിയോൻ കഴിഞ്ഞു പള്ളിയിൽ വായിച്ചുകൊള്ളണം.

കാര്യപരിപാടി

അവശിഷ്ടങ്ങൾ

സംസ്ക്കരിക്കുന്നതു സംബന്ധിച്ചു ചങ്ങനാശ്ശേരി രൂപതയുടെ വികാരി ജനറാൽ മോൺസിഞ്ഞോർ ജെയ്ക്കബ് കല്ലറയ്ക്കൽ അവർകൾ ഇപ്രകാരമറിയിക്കുന്നു.—

1935 ജൂലൈ 25.

കാലത്തു 7 മണിക്കു കല്ലൂർക്കാട്ടു ഫൊ. പള്ളിയിൽ പൊന്തിഫിക്കൽ കുർബാന(ബിഷപ്പ് ഡാക്ടർ കാളാശ്ശേരി അവർകൾ.)

9 മണിക്കു് ചൊവ്വല്ലൂർ ഒപ്പീസ് (വലിയ ഒപ്പീസു മുതലായ സംസ്ക്കാരകർമ്മങ്ങൾ 24-ാംനു- ഉച്ചകഴിഞ്ഞു 4 മണിക്കു നടത്തുന്നതായിരിക്കും.)

9-30-നു് ചങ്ങനാശ്ശേരിയിലേയ്ക്കു ഘോഷയാത്ര പുറപ്പെടുന്നു.

12-30-നു് ഘോഷയാത്ര ചങ്ങനാശ്ശേരി ചന്തക്കടവിൽ എത്തി മെത്രാസനപ്പള്ളിയിലേയ്ക്കു തിരിക്കുന്നു.

ഉച്ചകഴിഞ്ഞു്.

1-30-നു് മെത്രാസനപ്പള്ളിയിൽ പ്രവേശം. (ബിഷപ്പും ഡാക്ടർ ചുള്ളിപ്പറമ്പിൽ അവർകൾ.)

2-30-നു് മെത്രാസനപ്പള്ളിയുടെ മദ്ബഹായിൽ അവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്നു.

കുറിപ്പ്—സംസ്ക്കാരകർമ്മത്തിൽ സംബന്ധിക്കുന്നതിനു വരുന്ന ബ. പട്ടക്കാരെല്ലാവരും കുറുപ്പുമോവയും സർപ്പ്ളേസും ധരിച്ചിരിക്കണം. 25-ാംതീയതി ഉച്ചഭക്ഷണം ബ. പട്ടക്കാർക്കു് മെത്രാസനപ്പള്ളിയോടടുത്തുള്ള സെൻറ് ജോസഫ്സ് ഇംഗ്ലീഷ് ഹൈസ്കൂളിൽവച്ചു കൊടുക്കുന്നതായിരിക്കും. ചങ്ങനാശ്ശേരിയിൽ എത്തുന്ന ബ. പട്ടക്കാർക്കു് 12 മണിക്കും ചമ്പക്കുളത്തുനിന്നു ഘോഷയാത്രയോടുകൂടെ വരുന്ന ബ. പട്ടക്കാർക്കു ഘോഷയാത്ര പള്ളിയിൽ എത്തിയാലുടനെയും ഉച്ചഭക്ഷണം കൊടുക്കുന്നതായിരിക്കും. ക്രൂടാതെ ചമ്പക്കുളത്തുനിന്നു ഘോഷയാത്ര പുറപ്പെടുന്നതിനു മുമ്പു് അതിൽ സംബന്ധിക്കുന്ന ബ. പട്ടക്കാർക്കു് കാപ്പി സൽക്കാരവും ഉണ്ടായിരിക്കുന്നതാണു്.